പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2020

05.10.2016 ന് മറുപടിയ്ക്ക്.

## സർക്കാർ ഐ.ടി.ഐ കളിൽ നിന്നും പാസ്സാകുന്ന കുട്ടികൾക്ക് തൊഴിൽ ലഭിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ് : | ശ്രീ. ടി.പി. രാമകൃഷ്ണൻ.<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ. കളിൽ നിലവിലുള്ള കോഴ്സുകളും സിലബസും കാലാനുസൃതമായി പരിഷ്കരിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ; | (എ) സംസ്ഥാനത്തെ സർക്കാർ ഐ.ടി.ഐ. കളിൽ നിലവിലുള്ള കോഴ്സുകളുടെ സിലബസ് തയ്യാറാക്കുന്നത് ന്യൂഡൽഹിയിലുള്ള ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (ഡി.ജി.റ്റി) ആണ്. ടി കോഴ്സുകളുടെ സിലബസിൽ മാറ്റം വരുത്തുന്നതും ഡി.ജി.റ്റി ആണ്. 2014-ൽ സെമസ്റ്റർ സംവിധാനം നിലവിൽ വന്നതിനനുസൃതമായി കോഴ്സുകളുടെ സിലബസുകൾ ഡി.ജി.റ്റി പരിഷ്കരിച്ചിട്ടുണ്ട്. |
| (ബി) ഈ ഐ.ടി.ഐ. കളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പാഠ്യപദ്ധതിയുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ; | (ബി) പാഠ്യപദ്ധതിയുടെ ഭാഗമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ പരിശീലനം നൽകുന്നത് സംബന്ധമായ കാര്യങ്ങളിൽ തീരുമാനം കൈക്കൊള്ളേണ്ടത് ഡി.ജി.റ്റി തലത്തിലാണ്. എന്നാൽ ട്രെയിനികളുടെ പാഠ്യപദ്ധതിയുടെ ഭാഗമായി ബന്ധപ്പെട്ട വ്യവസായ സ്ഥാപനങ്ങൾ സന്ദർശിക്കാൻ അനുമതി നൽകുന്നുണ്ട്. |
| (സി) സർക്കാർ ഐ.ടി.ഐ കളിൽ നിന്നും പാസ്സാകുന്ന കുട്ടികൾക്ക് കാമ്പസ് ഇന്റർവ്യൂ വഴി സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) സർക്കാർ ഐ.ടി.ഐ കളിൽ നിന്നും പാസ്സാകുന്ന കുട്ടികൾക്ക് കാമ്പസ് ഇന്റർവ്യൂ വഴി സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി ഐ.ടി.ഐ കളിൽ പ്ലെയ്സ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഐ.ടി.ഐ -യിലെ ഒരു ഉദ്യോഗസ്ഥനെ പ്ലെയ്സ്മെന്റ് സെൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥൻ വിവിധ സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം പൂർത്തിയാക്കിയ ട്രെയിനികൾക്ക് ജോലി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

Bindu

സെക്ഷൻ ഓഫീസർ